**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2932** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഏനാമാവ് റെഗുലേറ്റർ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാവ് റെഗുലേറ്റർ നവീകരണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഏനാമാവ് റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി Rebuild Kerala Initiative (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി സിവിൽ പ്രവൃത്തികൾക്കായി 4.062 കോടി രൂപയ്ക്ക് ഭരണാനുമതിയും 4.008 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി M/s. Safalya Infrastructures Ltd, Nagpur, Maharashtra എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (ബി) | റെഗുലേറ്ററിന്റെ മെക്കാനിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവൃത്തികൾക്ക് കോടതി കേസ് നിലവിലുള്ളതിനാൽ സിവിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (സി) | ടി പ്രവൃത്തിയുടെ ജി.എസ്.ടി ഉൾപ്പെടെയുള്ള അടങ്കൽ തുക 4.008 കോടി രൂപയാണ്. 18 മാസ പൂർത്തീകരണ കാലാവധിയോടു കൂടി 07-06-2024 തീയതിയിൽ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ